**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിയമിച്ചിട്ടുള്ള ഡോക്ടറുടെയും നഴ്സിന്റെയും ലാബ് ടെക്നിഷ്യന്റെയും സേവനം തുടർന്നും ലഭ്യമാക്കുന്നതിനുള്ള ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 3715/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി 18.11.2017

പരാമർശം :- 1.) 21.06.2017 ലെ സ.ഉ ( സാധാ) നമ്പർ 2096/2017/തസ്വഭവ
2) ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2017 ലെ കത്ത്
3) 09.10.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.31

**ഉത്തരവ്**

പരാമർശം 1 പ്രകാരം ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിയമിച്ചിട്ടുള്ള ഡോക്ടറുടെയും നഴ്സിന്റെയും ലാബ് ടെക്നിഷ്യന്റെയും കാലാവധി 06.10.2017 ന് അവസാനിക്കുന്നതിനെ തുടർന്ന് അവരുടെ സേവനം തുടർന്നും ലഭ്യാമാക്കുന്ന ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന് അനുമതി നല്കണമെന്നു ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും ആവശ്യാനുസരണം നിയമിക്കാം എന്ന് നിർദേശിച്ച് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ നിയമനം സംബന്ധിച്ച കാലാവധി വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ, ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിയമിച്ചിട്ടുള്ള ഡോക്ടറുടെയും നഴ്സിന്റെയും ലാബ് ടെക്നിഷ്യന്റെയും സേവനം തുടർന്നും ലഭ്യാമാക്കുന്നതിനുള്ള ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് നടപ്പിലാക്കുന്നതിന് പരാമർശം 3 ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ